"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയേയും സാക്ഷരതാ പ്രേരക് മാരെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.140/2023/GEDN തീയതി, തിരുവനന്തപുരം, 22-09-2023

---

പരാമർശം:-

1. സ.ഉ (സാധാ) നം.27/2017/പൊ.വി.വ, തീയതി 07.01.2017
2. സ.ഉ(കൈ) നം.72/2022/ത.സ്വ.ഭ.വ,തീയതി 31.03.2022
3. സ.ഉ (സാധാ) നം.973 /2022/ത.സ്വ.ഭ.വ, തീയതി 19.04.2022
4. സാക്ഷരതാ മിഷൻ ഡയറക്ടറുടെ 04/05/2023, 25/07/2023, 07/08/2023, 26/08/2023 തീയതികളിലെ A1-0001/21/കേ.സം.സാ.മി.അ നമ്പർ കത്തുകൾ.
5. സാക്ഷരതാ മിഷൻ ഡയറക്ടറുടെ 29/04/2023, 25/07/2023, 26/08/2023 തീയതികളിലെ P1/2036/23/കേ.സം.സാ.മി.അ നമ്പർ കത്തുകൾ.

**ഉത്തരവ്**

1991 ഏപ്രിൽ 18-ന് സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം നടത്തിയതിന്റെ തുടർച്ചയായി 1998 ഒക്ടോബർ 1-ന് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നിലവിൽ വന്നു. 2021 ജനുവരിയിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സാക്ഷരതാ മിഷന് 18 കോടി രൂപ വകയിരുത്തുന്നുവെന്നും പ്രേരക്മാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതാണെന്നും ഇവരുടെ അലവൻസ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധികമായി ലഭ്യമാക്കുമെന്നും പ്രഖ്യാപിച്ചിരുന്നു .

2. ഇതിന്റെ അടിസ്ഥാനത്തിൽ സാക്ഷരതാ പ്രേരക് മാരെ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരവും പ്രേരക്മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിലുണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത , പ്രവർത്തന വിലയിരുത്തലിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് ശിപാർശ സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ധനകാര്യ റിസോഴ്സസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് പരാമർശം (3) പ്രകാരവും ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

3. സൂചന (1) ഉത്തരവ് പ്രകാരം പ്രേരക്മാരുടെ വേതനം താഴെപറയും പ്രകാരം നിശ്ചയിച്ചുകൊണ്ടും അതിന്റെ 60% സർക്കാർ നൽകുന്ന ശമ്പളേതര ഇനത്തിലുള്ള ഗ്രാന്റിൽ നിന്നും 40% സാക്ഷരതാ മിഷന്റെ തനതുഫണ്ടിൽ നിന്നും വഹിക്കാമെന്നും നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു.

4. 17.01.2023 ലെ കണക്കുപ്രകാരം സംസ്ഥാനത്തൊട്ടാകെ 1699 തുടർ വിദ്യാകേന്ദ്രങ്ങളിലായി 1698 സാക്ഷരതാ പ്രേരക്മാർ പ്രവർത്തിച്ചുവരുന്നു. ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തലങ്ങളിലായാണ് പ്രേരക്മാർ പ്രവർത്തിച്ചുവരുന്നത്. ഇപ്പോൾ നാല് വിഭാഗത്തിലുള്ള പ്രേരക്മാർ നിലവിലുണ്ട്. അവരുടെ വേതന വ്യവസ്ഥ സൂചന (1) ഉത്തരവ് അനുസരിച്ച് താഴെപ്പറയും പ്രകാരമാണ്.

| വിഭാഗം | ദിവസവേതനം | മാസവേതനം |
|---|---|---|
| നോഡൽ പ്രേരക് | 500 | 15,000 |
| അസി.പ്രേരക് | 400 | 12,000 |
| തുടർവിദ്യാകേന്ദ്രം പ്രേരക് | 400 | 12,000 |
| അസി.തുടർ വിദ്യാകേന്ദ്രം പ്രേരക് | 350 | 10,500 |

5. പരാമർശം (5) പ്രകാരം സാക്ഷരതാ മിഷന്റെ നിലവിലെ ആസ്തി ബാധ്യതകൾ താഴെപറയും പ്രകാരമാണെന്ന് സാക്ഷരതാ മിഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

<u>സാക്ഷരതാമിഷന്റെ ആസ്തികൾ</u>

a. സ്ഥിരനിക്ഷേപം - 1,09,89,580/- (ഒരു കോടി ഒൻപത് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം )

b. തിരുവനന്തപുരത്ത് വഞ്ചിയൂർ വില്ലേജിൽ Sy.No.178/B ഉൾപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 7000 ച.അടി തറ വിസ്തീർണ്ണമുള്ള 4 നില കെട്ടിടവും ഉണ്ട്.

<u>സാക്ഷരതാമിഷന്റെ നിലവിലെ ബാധ്യതകൾ</u>

a. പത്താംതരം, ഹയർസെക്കന്ററി തുല്യത പാഠപുസ്തകം പ്രിന്റിങ് ചാർജ് (കെ.ബി.പി.എസ്-ന് കൊടുക്കാനുള്ളത്) - 3,50,85,268/- (മൂന്ന് കോടി അമ്പത് ലക്ഷത്തി എൺപത്തയ്യായിരത്തി ഇരുന്നൂറ്റി അറുപത്തിയെട്ട് രൂപ മാത്രം )

b. പത്താംതരം തുല്യത പരീക്ഷാഫീസ് (പരീക്ഷാഭവന് കൊടുക്കാനുള്ളത്)- 45,63,229/- (നാല്പത്തിയഞ്ച് ലക്ഷത്തി അറുപത്തിമൂവായിരത്തി ഇരുന്നൂറ്റി ഇരുപത്തൊമ്പത് രൂപ മാത്രം )

c. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് കൊടുക്കാനുള്ള തുക - 36,17,636/-(മുപ്പത്തിയാറ് ലക്ഷത്തി പതിനേഴായിരത്തി അറുനൂറ്റി മുപ്പത്തിയാറ് രൂപ മാത്രം )

6. 2021 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിലും സൂചന (2),(3) ഉത്തരവുകളുടെ അടിസ്ഥാനത്തിലും സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

i. ഈ ഉത്തരവ് തീയതി മുതൽ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും സാക്ഷരതാ പ്രേരക്മാരെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമാക്കുന്നു.

ii. പ്രേരക്മാർക്ക് ഓണറേറിയം നൽകുന്നതു സംബന്ധിച്ച സർക്കാർ വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ട വിഹിതവും സംബന്ധിച്ച് തദ്ദശ സ്വയംഭരണ വകുപ്പ് , ധനവകുപ്പുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

iii. ഈ ഉത്തരവ് തീയതി വരെയുള്ള ഓണറേറിയം കുടിശ്ശിക നിലവിലെ പോലെ സാക്ഷരതാ മിഷൻ വിഹിതവും സർക്കാർ വിഹിതവും എന്ന നിലയിൽ കൊടുക്കുന്നതിനു അനുമതി നൽകുന്നു.

iv. മിഷന്റെ തനതു ഫണ്ടുപയോഗിച്ച് സാക്ഷരതാ മിഷൻ നടത്തുന്ന കോഴ്സുകളുടെയും പരീക്ഷകളുടെയും അക്കാദമിക് ചുമതല നിലവിലത്തെപോലെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലനിർത്തുന്നു.

v. തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുക്കുന്നത് വരെയുള്ള സാക്ഷരതാ മിഷന്റെ ബാധ്യതകൾ സാക്ഷരതാ മിഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് തീർക്കേണ്ടതാണ്. മറ്റെന്തെങ്കിലും ബാധ്യതകൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവ പൊതുവിദ്യാഭ്യാസ വകുപ്പ് തീർക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ് : അഡിഷണൽ ചീഫ് സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ ,കേരള സാക്ഷരതാമിഷൻഅതോറിറ്റി ,തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
ഡയറക്ടർ (റൂറൽ),തദ്ദേശസ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
ഡയറക്ടർ (അർബൻ),തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ ,തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്(Vide Item No.1779 dated 20.09.2023)
ധനകാര്യവകുപ്പ് (Vide file No.Edn-B2/127/2021-FIN)

തദ്ദേശ സ്വയംഭരണവകുപ്പ്(Vide file No ERB3/19/2021-LSGD)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ &ഇ ) കേരള ,തിരുവനന്തപുരം .

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Prasad R
Date: 23-09-2023 08:42:44

സെക്ഷൻ ഓഫീസർ

**Copy to : PS to Minister (Ge.Edn)**

**PA to Prl.Secy (Ge.Edn)**